K22U 1266

Reg. No.: ................................

Name : ....................................

DON BOSCO ARTS AND SCIENCE COLLEGE
LIBRARY

# II Semester B.A./B.Sc. Degree (C.B.C.S.S.- O.B.E. – Regular/ Supplementary/Improvement) Examination, April 2022
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 2A08 MAL : കവിതാ മാതൃകകൾ

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) ചെറുശ്ശേരിയുടെ വർണ്ണനാപാടവത്തെക്കുറിച്ച് ശരത് വർണ്ണനത്തെ ആസ്പദമാക്കി വിവരിക്കുക.

2) മാപ്പിളപ്പാട്ടുകളുടെ സവിശേഷതകൾ, 'ബദറുൽ മുനീർ ഹുസ്നുൽ ജമാൽ' എന്ന കൃതിയെ മുൻനിർത്തി വിവരിക്കുക.

3) 'കഴിഞ്ഞുപോയ സുവർണകാലം ഭാവികാലമായി പുനർജ്ജനിക്കുമെന്ന പ്രതീക്ഷയുടെ മനോഹരമായ കാവ്യാവിഷ്കാരമാണ് വൈലോപ്പിള്ളിയുടെ ഓണപ്പാട്ടുകാർ' – വിശദമാക്കുക.

4) ഉത്തരാധുനിക കവിതകളുടെ സവിശേഷതകൾ എന്തെല്ലാം ? (2×7=14)

II. **ആറ്** ചോദ്യത്തിൽ നിന്ന് ഏതെങ്കിലും **4 എണ്ണത്തിന്** ഉത്തരമെഴുതുക. **ഓരോന്നും 150** വാക്കിൽ കവിയരുത്.

5) 'കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി' – വാസവദത്തയെ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

6) 'നീലപർവതത്തിന്റെ മുകളിൽ നിന്നു ചാടി
നാലഞ്ചുവഴിവരുമരുവിയാറുപോലെ
ചോരയുമൊലിപ്പിച്ചു കാളരാത്രിയെപ്പോലെ
ഘോരയാം നിശാചരിവേഗത്തിൽ നടകൊണ്ടാൾ' – സന്ദർഭവും ചമല്ക്കാര ഭംഗിയും വിശദമാക്കുക.

7) 'കാർമുകിൽ മാലകൾ പോയൊരു നേരത്തു
തുമകലർന്നശരത്തു വന്നു' – ശരത്കാലത്തിന്റെ വരവിനെ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

8) 'പുകയില്ലാത്ത അടുപ്പുകളുടെ ഉപമ' – ഒരു സ്ത്രീപക്ഷ കവിതയാണോയെന്ന് പരിശോധിക്കുക.

9) 'ഇരുമ്പും മരവും മണ്ണു –

മെന്റെ കൂടെപ്പിറപ്പുകൾ

എരിദാഹക്കഞ്ഞിതരും

കൈക്കോട്ടെൻ കുലദൈവതം' – കവി ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത് ?

10) 'പൃത്ഥ്വിയിലന്നു മനുഷ്യർ നടന്നപ –

ദങ്ങളിലിപ്പൊഴധോമുഖ വാമനർ

ഇത്തരിവട്ടം മാത്രം കാണ്മവർ

ഇത്തിരിവട്ടം ചിന്തിക്കുന്നവർ' – സന്ദർഭവും ആശയവുമെഴുതുക. (4×3=12)

III. **ആറ്** ചോദ്യത്തിൽ നിന്ന് ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) 'എന്നെ നീ പരിഗ്രഹിച്ചീടേണം മടിയാതെ' – ആര് ? ആരോടാണിങ്ങനെ പറഞ്ഞത് ? സന്ദർഭമേത് ?

12) 'മദിത്ത് ഖ്വുബ്ബമുകളേറി' – ആര് ? കാരണമെന്ത് ?

13) 'നരനിൽ നിന്നിവളെ സമസ്തേശ്വരകര –
മുരുവാക്കുകമൂലം നാരിയെന്നിവൾ പേരാം' – സന്ദർഭവും ആശയവുമെഴുതുക.

14) 'ഇവളെ സ്നേഹിക്കയാലസ്വസ്ഥം
മമ ജന്മം' – ആർക്ക് ? എന്തുകൊണ്ട് ?

15) 'മറക്കുടയ്ക്കകത്തിരുട്ടു നീക്കുവാൻ
വിളക്കുമായ് വന്ന കറുത്ത പൂജാരി' – ആരെക്കുറിച്ചാണീ പരാമർശം ?
വിശദമാക്കുക.

16) 'എനിക്ക് പറയാനുള്ളത് നിന്നോടാണ് ' – ആർക്ക് ? എന്താണ് പറയാനുള്ളത് ? (4×2=8)

IV. **ആറ്** ചോദ്യത്തിൽ നിന്ന് ഏതെങ്കിലും **നാല്** ചോദ്യത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) എസ്. ജോസഫ്

18) രാത്രിമരം

19) കൃഷ്ണഗാഥ

20) കിളിപ്പാട്ട്

21) മോയിൻകുട്ടി വൈദ്യർ

22) വൈലോപ്പിള്ളി ശ്രീധരമേനോൻ. (4×1½=6)